# ജ്ഞാനത്തിന്റെ മാർഗ്ഗം

സാക് പുന്നൻ

WFTW 29 സെപ്റ്റംബർ 2013

സഭ പണിയപ്പെടുന്നത് അറിവ് ( ഉപദേശങ്ങൾ ) കൊണ്ടല്ല . എന്നാൽ ജ്ഞാനം കൊണ്ടാണ് (സദൃ 24:3 ).

ജ്ഞാനം ഒരു മനുഷ്യനെ തനിക്കു മുകളിൽ വച്ചിരിക്കുന്ന എല്ലാ അധികാരങ്ങൾക്കും അതു വീട്ടിലും , സഭയിലും , സമൂഹത്തിലും എവിടെ ആയാലും വിധേയപ്പെടുന്നവനാക്കുന്നു.

ഒട്ടും തികഞ്ഞവരല്ലാത്ത തന്റെ വളർത്തച്ഛനും വളർത്തമ്മയ്ക്കും (യോസേഫിനും മറിയ്ക്കും ) യേശു നസ്രേത്തിൽ ജീവിച്ച കാലം മുഴുവൻ കീഴടങ്ങിയിരുന്നു . കാരണം തന്റെ സ്വർഗ്ഗീയ പിതാവിനു വേണ്ടത് അതായിരുന്നു. യോസേഫും മറിയയും തികഞ്ഞവരായിരുന്നുവൊ എന്നതല്ല അവരെ പിതാവ് യേശുവിനു വേണ്ടി നിയമിക്കപ്പെട്ടവരായിരുന്നു എന്നതാണ് കാര്യം. യോസേഫും മറിയയും ദൈവഭയമുള്ളവരായിരുന്നു എന്നതിൽ സംശയമില്ല. എന്നാൽ അവർ പഴയ ഉടമ്പടിക്കു കീഴിൽ ഉള്ളവരായിരുന്നുവെന്ന വസ്തുത നാം മറക്കരുത് . അതു കൊണ്ടു തന്നെ അവർ കൃപയ്ക്ക് കീഴിൽ അല്ലാത്തവരായിരുന്നതിനാൽ ഒരു പക്ഷെ പാപത്തിന്റ മേൽ ഉള്ള വിജയവും അവർക്കുണ്ടായിരുന്നില്ല. ഭവനത്തിൽ അവർ തമ്മിൽ ഇടക്കൊക്കെ ചെറിയ വഴക്കുകളൊക്കെ ഉണ്ടായിക്കാണും പുതിയ ഉടമ്പടിയിലേക്കു കടക്കാത്ത ചില ദമ്പതികളെ പോലെ തന്നെ. എന്നാൽ എല്ലാം തികഞ്ഞ ദൈവപുത്രൻ ഈ കുറവുകളുള്ള രണ്ടു പേർക്കും കീഴടങ്ങിയിരുന്നു. അവിടുത്തെ ആദ്യ ചുവടുകൾ തികഞ്ഞവരല്ലാത്ത അധികാരങ്ങൾക്ക് കീഴടങ്ങിയിരിക്കുകയെന്നതായിരുന്നു.

ഇപ്പോൾ നമുക്കും ആ മാർഗ്ഗത്തിൽ തന്നെ നടക്കണമെന്നുണ്ടെങ്കിൽ ദൈവം നമുക്കു മുകളിൽ വച്ചിരിക്കുന്ന ഏതു അധികാരത്തിനും അവർ എത്ര കുറവുള്ളവരാണെങ്കിലും കിഴടങ്ങിയിരിക്കുക എന്നതാണ് . അതു കൊണ്ടാണ് കുഞ്ഞുങ്ങൾ അവരുടെ മാതാപിതാക്കന്മാർക്ക് കിഴടങ്ങിയിരിക്കമെന്ന് നാം പറയുന്നത്. കുഞ്ഞുങ്ങൾക്കുള്ള ആദ്യ കല്പനയും അതു തന്നെയാണ്. ഇതു അനുസരിക്കുന്നവർക്കുള്ള ദൈവീക വാഗ്ദാനം ' അതു നിങ്ങൾക്കു നന്മയുണ്ടാക്കും ' എന്നതാണ്. അധികാരങ്ങൾക്ക് കീഴടങ്ങുക എന്നതിനു ദൈവം വലിയ പ്രാധാന്യം കൊടുക്കുന്നു. അതിനാൽ നമ്മുടെ മക്കളുടെ ജീവിതം നന്നായി പോകണമെങ്കിൽ നാം അവരെ അനുസരണം പഠിപ്പിക്കണം.

അതു പോലെ തന്നെ നമ്മുടെ ജീവിതത്തിലും എല്ലാ നന്മയായി തീർണമെങ്കിൽ ദൈവം സഭയിൽ നമുക്കു മുകളിൽ വച്ചിരിക്കുന്ന പൂർണ്ണരല്ലാത്ത അത്മീയ അധികാരങ്ങൾക്കു കീഴടങ്ങിയിരിക്കണം. ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്ന നമുക്കു മുകളിൽ ഉള്ള മൂപ്പന്മാർ തീർച്ചയായും തികഞ്ഞവരല്ല. എന്നാൽ നാം ഒരു യഥാർഥ പ്രാദേശിക സഭയിലാണെന്ന് ഉറപ്പുണ്ടെങ്കിൽ തീർച്ചയായും ദൈവം അവിടെ നിയമിച്ചിരിക്കുന്ന മൂപ്പന്മാർക്കു നാം കീഴടങ്ങിയിരിക്കണം. എന്നാൽ ഇപ്പോൾ നിങ്ങൾ ആയിരിക്കുന്ന പ്രാദേശിക സഭയെ കുറിച്ചു നിശ്ചയമില്ലെങ്കിൽ അതു വിടുന്നതിനെ സംബന്ധിച്ചു ദൈവഹിതം അന്വേഷിക്കേണ്ടതാണ് .

എന്നാൽ അധികാരങ്ങൾക്ക് എതിരെയുള്ള മത്സരം ദൈവം ഒരിക്കലും അംഗീകരിക്കുകയില്ല .

പല സഭകളിലെയും മൂപ്പന്മാർ ദൈവത്തിനായി ഒരു നല്ല സാക്ഷ്യം നിലനിർത്തുന്നതിനായി പോരാടുകയാണെന്ന കാര്യം നാം മറക്കരുത് . തീർച്ചയായും അത് അത്ര എളുപ്പമായ കാര്യമല്ല. എന്നാൽ സഭയിലുള്ള സഹോദരീ സഹോദരന്മാർക്ക് അവരുടെ മൂപ്പന്മാരുടെ കുറവുകൾ കണ്ടുപിടിക്കാനും അവരെ വിമർശിക്കുവാനും അവർക്കെതിരെ മ്ത്സരിക്കുവാനും വളരെ എളുപ്പമാണ്.

കുട്ടികളില്ലാത്തവർക്ക് മറ്റുള്ളവർ തങ്ങളുടെ കുട്ടികളെ വളർത്തുന്നതിലെ തെറ്റുകൾ കണ്ടുപിടിക്കാൻ വളരെ എളുപ്പമാണ്. എന്നാൽ ദൈവീക വഴിയിൽ കുഞ്ഞുങ്ങളെ വളർത്തുന്നത് എത്ര ബുദ്ധിമുട്ടാണെന്ന് അറിയുന്ന ജ്ഞാനമുള്ളവർ മിണ്ടാതിരിക്കും .

എവിടെയെങ്കിലും ഒരു സഭയെ നയിക്കുവാൻ ദൈവം നിങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ ? ആദ്യം ഈ കാര്യം നിങ്ങൾ സ്വയം ചോദിക്കുന്നത് നല്ലതായിരിക്കും.

എവിടെയെങ്കിലും ആത്മീയധികാരം പ്രയോഗിക്കുവാൻ തക്കവണ്ണം ദൈവം നിങ്ങളെ പരിഗണിച്ചിട്ടില്ലെങ്കിൽ പിന്നെ ദൈവം ആത്മീയ ഉത്തരവാദിത്തം നൽകിയിരിക്കുന്നവരെ നിങ്ങൾ വിമർശിക്കുന്നതെന്തിന് ? നിങ്ങൾ ദൈവത്താൽ നിയമിക്കപ്പെട്ടവർക്കെതിരെ മത്സരിക്കുകയാണ്. ആ മൂപ്പന്മാർ പല കാര്യങ്ങളിലും അപൂർണ്ണരായിരിക്കും എങ്കിലും ദൈവം അവരെ നിങ്ങളെക്കാൾ യോഗ്യരായി കണ്ടു. നിങ്ങൾ രംഗത്തു വരുന്നതിനു മുൻപ് തന്നെ ആ പ്രദേശത്ത് അവരെയായിരിക്കും ദൈവം ആദ്യം തെരഞ്ഞെടുത്തത് . പ്രായോഗികമല്ലാത്ത കുറെ ആശയങ്ങളുമായി നടക്കുന്ന ഒരു മത്സരിയായിരിക്കും നിങ്ങൾ. ഒരു പ്രാദേശിക സഭ പോലും പണിയുവാനുള്ള കൃപ ദൈവം നിങ്ങൾക്കു നൽകിയിട്ടിലെങ്കിൽ മൂപ്പന്മാർക്കു കീഴടങ്ങി മിണ്ടാതിരിക്കുന്നതാണ് നല്ലത് .

മൂപ്പന്മാരെ സംബന്ധിച്ച ഗുരുതരമായ ചില പ്രശ്നങ്ങൾ ഒരു സഭയിൽ ഒരു പക്ഷെ ഉണ്ടാകാം. അതു സംബന്ധിച്ച വിവരങ്ങൾ മറ്റൊരു സഭയിലെ പ്രായവും പക്വതയും ഉള്ള ഒരു സഹോദരനെ അറിയിക്കുകയാണ് വേണ്ടത്. അല്ലാതെ സഭയിലുള്ളവരോട് പരദൂഷണം പറഞ്ഞു നടക്കുകയല്ല ചെയ്യേണ്ടത് . സഭയ്ക്കുള്ളിൽ ഭിന്നതയും അസ്വസ്ഥതയും ഉണ്ടാക്കുന്നവരെ ദൈവം ഒരു നാളും അനുഗ്രഹിക്കുകയില്ല . ദൈവം നിയമിച്ച അധികാരങ്ങൾക്ക് കീഴടങ്ങിയിരിക്കുവാൻ നാം പഠിക്കണം .

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)